# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 265** — **09.03.2015-ൽ മറുപടിയ്ക്ക്**

### തടി മുറിക്കുന്നതിനുള്ള ലേല അവകാശത്തിനും തടികളുടെ ഓൺലൈൻ ലേലത്തിനും സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) | വനംവകുപ്പിനു കീഴിലുള്ള വിവിധ റേഞ്ചുകളിൽ നിന്നും തടി മുറിക്കുന്നതിനുള്ള ലേല അവകാശത്തിനും, ഡിപ്പോകളിലും റെയിഞ്ചുകളിലും അട്ടിവച്ചിട്ടുള്ള തടികളുടെ ഓക്ഷനും ഓൺലൈൻ സംവിധാനം എന്നുമുതലാണ് ഏർപ്പെടുത്തിയത്; തടി മുറിക്കുന്നതിന് ഇ ടെൻഡറും തടി ലേലത്തിന് ഇ ഓക്ഷനും ഏർപ്പെടുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ആരുടെ നിർദ്ദേശപ്രകാരമാണ് ഈ രണ്ടു മേഖലയിലും ഇ ടെൻഡറും, ഇ ഓക്ഷനും ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) | 19.11.2014 മുതൽ; G.O.(P)No. 15/13/Fin dated 07.01.2013 പ്രകാരമാണ് 25 ലക്ഷത്തിനു മുകളിലുള്ള ഡിപ്പാർട്ട്മെന്റ് ജോലികൾക്ക് ഇ-ടെൻഡർ· സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് അടച്ചുമുറി ഉൾപ്പെടെയുള്ള ജോലികൾക്ക് ഇ-ടെൻഡർ സംവിധാനം നടത്തിവരുന്നത്. G.O.(Rt)No. 132/14/F&WLD dated 01.03.2014 പ്രകാരമാണ് തടി ലേലവും ഇ ലേലം ആക്കിയിട്ടുള്ളത്; രണ്ട് മേഖലയിലും സർക്കാർ നിർദ്ദേശാനുസരണമാണ് ഇ ടെൻഡറും ഇ ഓക്ഷനും ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഇ ടെൻഡറും ഇ ഓക്ഷനും നടത്തുന്നത് വനംവകുപ്പ് നേരിട്ടാണോ അല്ലെങ്കിൽ ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പാക്കുന്നത്; ഇതു | (ബി) | ഇ ടെൻഡർ നടത്തുന്നത് NIC ഏർപ്പെടുത്തിയ സംവിധാനം വഴിയും ഇ-ലേലം നടത്തുന്നത് M/s MSTC Ltd.-ന്റെ സാങ്കേതിക സഹായത്തോടെയും ആണ്. രണ്ട് |

പൊതുമേഖല സ്ഥാപനമാണോ; ഇങ്ങനെ ഒരു ഏജൻസിയെ ഇത് ഏൽപ്പിച്ചതിന്റെ കാരണം വിശദമാക്കാമോ; എത്ര ശതമാനം തുകയാണ് ഈ ഏജൻസിക്ക് നൽകേണ്ടി വരുക; ഇ- ടെൻഡറിംഗും, ഇ-ഓക്ഷനും ഏർപ്പെടുത്തിയതിനു ശേഷം എത്ര തുകയ്ക്കുള്ള ഇ-ടെൻഡർ, ഇ-ഓക്ഷൻ എന്നിവ ഈ ഏജൻസി വഴി നടത്തി ; എത്ര തുക ഇതിനായി ഏജൻസിക്ക് നൽകി;

സംവിധാനങ്ങളും വനം വകുപ്പ് നേരിട്ടാണ് നടത്തുന്നത്; M/s MSTC Ltd. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ്; ഇ-ലേലം നടത്താൻ പര്യാപ്തമായ software വികസിപ്പിക്കാൻ NIC ക്ക് സാധിക്കാത്ത സാഹചര്യത്തിലാണ് സർക്കാർ ഉത്തരവനുസരിച്ച് M/s MSTC Ltd. എന്ന സ്ഥാപനത്തെ ഇ-ലേലം നടത്തുവാനുള്ള ചുമതല ഏൽപ്പിച്ചത്; ലഭിച്ച വിൽപ്പന വിലയുടെ 0.8% ആണ് നികുതികൾ കൂടാതെ M/s MSTC Ltd ന് സർവ്വീസ് ചാർജ്ജ് ഇനത്തിൽ നൽകുന്നത്; 27.02.2014 വരെ 22,54,85,132/- രൂപയ്ക്കുള്ള ഇ-ലേലം M/s MSTC Ltd. വഴി നടത്തി; ഇതിന്റെ 0.8% ആയ 18,03,881 രൂപ ഈ സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. 19.11.14 മുതൽ 13.01.15 വരെയുള്ള കാലാവധിക്കുള്ള സർവ്വീസ് ചാർജ്ജായ 7,49,191/- രൂപയുടെ ബില്ലുകൾ ടി കമ്പനി വനം വകുപ്പിന് സമർപ്പിച്ചത് അനന്തര നടപടികൾക്കായി ടിംബർസെയിൽസ് ഡി.എഫ്.ഒ.മാർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇ-ടെൻഡറിലും ഇ-ഓക്ഷനിലും പങ്കെടുക്കാനായി കരാറുകൾ ലൈസൻസ് ഫീസോ, രജിസ്ട്രേഷൻ ഫീസോ ഈ ഏജൻസിക്ക് അടയ്ക്കേണ്ടതുണ്ടോ; എങ്കിൽ ഓരോ വിഭാഗത്തിലും അടയ്ക്കേണ്ട തുക എത്ര വീതം; ഈ തുക നിശ്ചയിച്ചത് ആരാണ് : | (സി) | ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനായി കച്ചവടക്കാർ 5618 രൂപയും ഒറ്റത്തവണ ഉപഭോക്താക്കൾ 562 രൂപയും (രണ്ടിലും നികുതികൾ ഉൾപ്പെടെ) രജിസ്ട്രേഷൻ ഫീസായി M/s MSTC Ltd. ന് അടയ്ക്കേണ്ടതുണ്ട്. ഇ-ടെണ്ടർ സംബന്ധിച്ച് ജോലിയുടെ തോത് അനുസരിച്ചാണ് നിരതദ്രവ്യം അടയ്ക്കേണ്ടത്. ടി തുക വനംവകുപ്പിന്റെ ശുപാർശ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. |
| (ഡി) | സംസ്ഥാന വനംവകുപ്പിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ ഇത്തരത്തിൽ സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | തടി വിൽപ്പനയ്ക്കായി വനം വകുപ്പിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇ-ഓക്ഷൻ ഏർപ്പെടുത്തുന്നതിന് മുമ്പ് ഡിപ്പോകളിലെ ലേലത്തിന് സാധാരണയായി പങ്കെടുത്തിരുന്നവർ എത്ര; ഇ-ഓക്ഷന് രജിസ്റ്റർ ചെയ്തവർ എത്ര; ഇ-ഓക്ഷൻ വരുന്നതിനു മുമ്പുള്ള 4 മാസത്തെ ശരാശരി വിൽപ്പന നികുതിയും, വന്നതിനുശേഷം 4 മാസത്തെ വിൽപ്പന | (ഇ) | തടി വിൽപ്പനയ്ക്കായി ഇ-ലേലമാണ് നടത്തി വരുന്നത്. വിറക്, കഴ, ബില്ലറ്റ് എന്നിവയ്ക്ക് പഴയ രീതിയിലുള്ള ലേല നടപടി തന്നെയാണ് ഇപ്പോഴും സ്വീകരിച്ചിട്ടുള്ളത്. ഇ-ഓക്ഷൻ ഏർപ്പെടുത്തുന്നതിന് മുമ്പ് തടി ഡിപ്പോകളിൽ ഒരു ലേലത്തിൽ ശരാശരി 10 മുതൽ 15 പേർ വരെയാണ് പങ്കെടുത്തിരുന്നത്. ഇ- ഓക്ഷന് നാളിതുവരെ 282 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇ-ഓക്ഷൻ വരുന്നതിനു മുമ്പുള്ള 4 മാസത്തെ ശരാശരി വിൽപ്പന നികുതിയും |

| | | | |
|---|---|---|---|
| | നികുതിയും എത്ര വീതമെന്ന് വ്യക്തമാക്കാമോ; | | വന്നതിനു ശേഷം 4 മാസത്തെ വിൽപ്പന നികുതിയും സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (എഫ്) | മറ്റ് സംസ്ഥാനങ്ങളിൽ പരാജയപ്പെട്ട ഈ പരീക്ഷണം വഴി സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്ന നിരവധി ചെറുകിട കച്ചവടക്കാർക്ക് തൊഴിൽ നഷ്ടപ്പെടുകയും, സംസ്ഥാന ഖജനാവിന് ഭീമമായ നഷ്ടം വരുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ സംവിധാനം പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാവുമോ? | (എഫ്) | തടി ഡിപ്പോകളിൽ തടി വിൽപനയ്ക്ക് പൂർണ്ണമായും ഇ-ലേലം ഏർപ്പെടുത്തുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. ഇ-ലേലം ഏർപ്പെടുത്തിയതുകൊണ്ട് ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ചെറുകിട കച്ചവടക്കാർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല. സർക്കാർ ഖജനാവിന് നഷ്ടവും സംഭവിച്ചിട്ടില്ല; പ്രത്യുത 7 ദിവസം കൊണ്ട് വളരെ വേഗത്തിൽ ലേലം സ്ഥിരപ്പെടുത്തുന്നതിനാൽ സർക്കാരിന് ലഭിക്കേണ്ടുന്ന കോടിക്കണക്കിന് രൂപയുടെ വരുമാനം വളരെപെട്ടെന്ന് തന്നെ ഖജനാവിൽ എത്തുന്ന സ്ഥിതിവിശേഷമാണ് തടി വില്പനയ്ക്ക് വനംവകുപ്പ് ഇ-ലേലം നടപ്പിലാക്കിയതുകൊണ്ട് സംജാതമായിരിക്കുന്നത്. മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന ആവശ്യമില്ല. |

Chitra

സെക്ഷൻ ഓഫീസർ